## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3799 — 23/08/2017-ൽ മറുപടിക്ക്

### വൈദ്യുതി വിതരണരംഗം ശക്തിപ്പെടുത്താൻ കർമ്മപദ്ധതികൾ

| | ചോദ്യം<br>**ശ്രീ.വി.ഡി.സതീശൻ**<br>**,, ഹൈബി ഈഡൻ**<br>**,, അൻവർ സാദത്ത്**<br>**,, അനൂപ് ജേക്കബ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി വിതരണരംഗം ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ), (ബി) & (സി) | വൈദ്യുതി വിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി യുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മരച്ചില്ലകൾക്കിടയിലൂടെ കടന്ന് പോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക തുടങ്ങിയ പ്രവർത്തികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. വാർഷിക പദ്ധതിയ്ക്കായുള്ള തുക കെ.എസ്.ഇ.ബി യുടെ തനത് ഫണ്ടിൽ നിന്നും വിവിധ കേന്ദ്രസംസ്ഥാന പദ്ധതികളിൽ നിന്നും ഗുണഭോക്താക്കളിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. വാർഷിക പദ്ധതി പ്രകാരം കെ.എസ്.ഇ.ബി ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തികളെ സംബന്ധിച്ച വിവരം കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനെ അറിയിക്കാറുണ്ട്. 2017-18 ൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളുടെ സംക്ഷിപ്തം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് ഈ രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും അവയ്ക്ക് റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ; | | |
| (സി) | ഈ പദ്ധതികൾക്കുള്ള ധനസമാഹരണം എങ്ങനെയെന്ന് വെളിപ്പെടുത്തുമോ? | | |

(...2)

സംസ്ഥാനത്തെ വൈദ്യുതി വിതരണ രംഗം ശക്തിപ്പെടുത്താൻ കേന്ദ്രാവിഷ്കൃത പദ്ധതികളായ (1) ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി പദ്ധതി പ്രകാരം ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതി വിതരണവും, (2) സംയോജിത ഊർജ്ജ വികസന പദ്ധതി പ്രകാരം നഗരങ്ങളിലെയും പ്രാന്തപ്രദേശങ്ങളിലെയും വൈദ്യുതി വിതരണവും ശക്തിപ്പെടുത്തുവാൻ സാധിക്കും.

33 കെ.വി, 66 കെ.വി സബ് സ്റ്റേഷനുകളുടെ നിർമ്മാണം, പുതിയ ഫീഡർ ലൈൻ/കേബിളുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക / ശേഷി വർദ്ധിപ്പിക്കൽ, പുതിയ സർവ്വീസ് കണക്ഷനുകൾ (BPL) – DDUGJY കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ (DDUGJY & IPDS), IPDS- ൽ പെടുത്തി കെ.എസ്.ഇ.ബി കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ, സർക്കാർ സ്ഥാപനങ്ങളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ തുടങ്ങിയ പണികൾ ഉൾപ്പെടുന്നു.

പ്രസ്തുത പദ്ധതികളെ കുറിച്ച് റെഗുലേറ്ററി കമ്മീഷനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് കേന്ദ്ര ഗ്രാന്റായി 60% തുകയും, 30% തുക വായ്പയായും, 10% തുക സംസ്ഥാന വിഹിതമായും കണ്ടെത്തേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ

3799 **Annexure**

## Annual Plan 2017-18
## Distribution Capital Works Targets - Abstract

| Sl. No. | Work | Normal Works | Estimated Cost Works | IPDS Works | DDUGJY Works | Other Funded Works | Total |
|---|---|---|---|---|---|---|---|
| 1 | Service Connection (Nos.) | 0 | 254184 | 0 | 54793 | 0 | 308977 |
| 2 | Transformer Installation (Nos.) | 1265 | 165 | 785 | 283 | 10 | 2508 |
| 3 | 11 kV Line Extension (km) | 1249 | 31 | 901 | 539 | 5 | 2725 |
| 4 | LT Line Extension (km) | 289 | 1222 | 506 | 788 | 150 | 2954 |
| 5 | 1-ph. to 3-ph. Conversion (km) | 1223 | 168 | 323 | 17 | 23 | 1754 |
| 6 | HT Reconductoring (km) | 542 | 3 | 158 | 260 | 43 | 1005 |
| 7 | LT Reconductoring (km) | 5097 | 0 | 1906 | 473 | 43 | 7519 |
| 8 | Meter Replacement (Nos.) | 107600 | 980 | 232841 | 1053972 | 6152 | 1401545 |
| 9 | DTR Metering (Nos.) | 93 | 5 | 1217 | 13355 | 7 | 14683 |